ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 69 ശിശുക്കൾ അട്ടപ്പാടി മേഖലയിൽ മരണപ്പെട്ടിട്ടുണ്ട്. ഗർഭിണിയായ അമ്മമാരുടെ പോഷണക്കുറവ്, മാസം തികയാതെയുള്ള പ്രസവം മുതലായ കാരണങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

304 (652) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അട്ടപ്പാടിയിൽ ശിശുമരണങ്ങൾക്കിടയാക്കുന്ന അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

അട്ടപ്പാടിയിൽ സംഭവിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ ഇത് പരിഹരിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി, സബല പദ്ധതി, അമൃതം ന്യൂട്രീഷൻ മിക്സ് വിതരണം, ആരോഗ്യ വകുപ്പിന്റെ ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, ജാതക്-ജനനി സോഫ്റ്റ്വെയർ, പട്ടികവർഗ്ഗ ഗർഭിണികൾക്ക് അയൺ ഗുളികകൾ, ഫോളിക് ആസിഡ് എന്നിവകളുടെ വിതരണം, സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി, ജനനി-ജന്മരക്ഷ പദ്ധതി തുടങ്ങിയവ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടെത്തിയ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ആരോഗ്യ പ്രശ്നങ്ങൾ കുറയ്ക്കുന്നതിനും ഉദ്ദേശിച്ച് സർക്കാർ ആവിഷ്കരിച്ച നടപ്പാക്കിവരുന്ന പദ്ധതികളാണ്.

പട്ടികവർഗ്ഗക്കാരുടെ ഇടയിലെ ലഹരി ഉപയോഗം

305 (653) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യം, പുകയില, മറ്റ് ലഹരി വസ്തുക്കൾ തുടങ്ങിയവയുടെ ഉപയോഗത്തിനെതിരെ അവബോധ ക്യാമ്പുകളും

LIBRARY ARCHIVES Kerala Legislative Assembly

ബോധവൽക്കരണവും നടത്തുന്നതിൽ സർക്കാർ പൂർണ്ണ പരാജയമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവബോധ ക്യാമ്പുകളും ബോധവൽക്കരണവും നടത്തുന്നതിലേക്കായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് ബഡ്ജറ്റിൽ വക കൊള്ളിച്ചതെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികവർഗ്ഗക്കാർക്കിടയിലെ മദ്യം, പുകയില മറ്റ് ലഹരി വസ്തുക്കൾ തുടങ്ങിയവയുടെ ഉപയോഗത്തിനെതിരെ വകുപ്പിന്റെ നേതൃത്വത്തിൽ ഊരുകൂട്ടംവഴിയും എക്സൈസ്, ആരോഗ്യ വകുപ്പ്, പോലീസ്, നീതിന്യായ വകുപ്പുകളുടെ സഹകരണത്തോടെ ബോധവൽക്കരണവും നടത്തിവരാറുണ്ട്. ഇക്കാര്യത്തിൽ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കാൻ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ ഇനത്തിലായി ബഡ്ജറ്റിൽ പ്രത്യേക തുക വകകൊള്ളിച്ചിട്ടില്ല. എന്നാൽ ഊരുകൂട്ട ശാക്തീകരണത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 50 ലക്ഷം രൂപയിൽനിന്നും ബോധവൽക്കരണവും അവബോധ ക്ലാസ്സുകളും നടപ്പിലാക്കുകയാണുണ്ടായത്. ഈ ഇനങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

306 (654) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും എത്ര തുക വകയിരുത്തിയെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ ;

(ബി) തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 2014-15 സാമ്പത്തിക വർഷം 61.21 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly